**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് സ്റ്റീൽ പാത്രങ്ങൾ, സംഭരണ പാത്രങ്ങൾ എന്നിവ വാങ്ങി നല്കുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതി (പ്രോ.നം. 35/19) നടപ്പിലാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 2376/2018/തസ്വഭവ തിരുവനന്തപുരം, തീയതി 06.09.2018

പരാമർശം:- 1) മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.07.2018 ലെ A4 -346/18 നമ്പർ കത്ത്

2) എറണാകുളം ജില്ലാ കളക്ടറുടെ 27.07.2018 ലെ 53052/18/DPC/DPO/EKM നമ്പർ കത്ത്

3) 13.08.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.5

**ഉത്തരവ്**

മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾക്ക് സ്റ്റീൽ പാത്രങ്ങൾ, സംഭരണ പാത്രങ്ങൾ എന്നിവ വാങ്ങി നല്കുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി 2018-19 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. "കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന ഗ്രീൻ പ്രോട്ടോക്കോൾ" എന്ന ഈ പ്രോജക്ടിന്റെ (പ്രോ.നം. 35/19) അടങ്കൽ തുക 1,50,000/- രൂപയാണ്. എന്നാൽ പാചക പാത്രങ്ങൾ, സംഭരണ പാത്രങ്ങൾ മുതലായവ വാങ്ങി നല്കുന്നതുപോലുള്ള പദ്ധതികളിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും സബ്സിഡി നൽകുവാൻ നിലവിലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം സാധിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർ പരാമർശം(2) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് 13.08.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം(3) പ്രകാരം അനുമതി നല്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് സ്റ്റീൽ പാത്രങ്ങൾ സംഭരണ പാത്രങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്. എറണാകുളം
പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ